# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.* 306

24.02.2016 -ൽ മറുപടിക്ക്

## വിവാഹധനസഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. ജമീലാ പ്രകാശം | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യതൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും പെൺമക്കൾക്ക് വിവാഹ ധന സഹായത്തിന് അപേക്ഷിക്കേണ്ട മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചു കൊണ്ടുള്ള സർക്കുലർ മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് 28.7.2015 ൽ പുറപ്പെടുവിച്ചിരുന്നോ; | (എ) | പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പുതുക്കിയ സർക്കുലർ പ്രകാരമുള്ള മാനദണ്ഡങ്ങളും മുമ്പ് ഉണ്ടായിരുന്ന മാനദണ്ഡങ്ങളും തമ്മിലുള്ള വ്യത്യാസം എന്തെന്ന് വ്യക്തമാക്കാമോ; | (ബി) | **നിലവിലുള്ള മാനദണ്ഡം**<br>വിവാഹം നിശ്ചയിച്ചു എന്നു തെളിയിക്കുന്ന സംഘടനകളുടേയോ, സ്ഥാപനങ്ങളുടേയോ, ഭാരവാഹികളിൽ നിന്ന് ലഭിച്ച സർട്ടിഫിക്കറ്റ് അസ്സലും കൂടെ വിവാഹ ക്ഷണക്കത്തും സമർപ്പിക്കുന്നു.<br>**ഭേദഗതി വരുത്തിയ മാനദണ്ഡം**<br>വിവാഹം നിശ്ചയിച്ചു എന്നു തെളിയിക്കുന്ന മതസംഘടനകളുടേയോ, സ്ഥാപനങ്ങളുടേയോ, ഭാരവാഹികളിൽ നിന്ന് ലഭിച്ച സർട്ടിഫിക്കറ്റിന്റെ അസ്സലും/വിവാഹം രജിസ്റ്റർ ചെയ്തു എന്നു തെളിയിക്കുന്നതിലേയ്ക്കായി കോർപ്പറേഷൻ/മുൻസിപ്പാലിറ്റി/ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ അസ്സലും, കൂടെ വിവാഹ ക്ഷണക്കത്തും സമർപ്പിക്കേണ്ട് താണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ രജിസ്ട്രേഷൻ ലഭിച്ചതിന് ശേഷം മാത്രമേ അർഹതയുള്ള അപേക്ഷകൾക്ക് ധനസഹായം അനുവദിയ്ക്കുകയുള്ളൂ. |
| (സി) | പുതിയ സർക്കുലർ പ്രകാരമുള്ള മാനദണ്ഡങ്ങൾ മൽസ്യതൊഴിലാളികൾക്ക് വിവാഹ ധനസഹായത്തിന് തക്ക സമയത്ത് അപേക്ഷിക്കാൻ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്ന വസ്തുത കണക്കിലെടുത്ത് അത് പിൻവലിക്കാൻ ആവശ്യമായ നിർദ്ദേശം മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകാൻ തയ്യാറാകുമോ? | (സി) | **ഇപ്പോൾ പരിഗണനയിലില്ല.** |

സെക്ഷൻ ഓഫീസർ